بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 15.11.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*മുബാറക്ക് മോസ്ക്, ഇസ്‌ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ ത്യാഗവര്യനായ ബദരി സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ്(റ)യുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസവർധകമായ വിവരണം.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

ഹുസൂർ അൻവർ അയ്യദഹുല്ലാഹു ത്യാഗവര്യനായ ഒരു ബദരീ സ്വഹാബിയായ ഹദ്റത്ത് അബ്ദുല്ലായുടെ പിതാവായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിനെക്കുറിച്ച് വിവരിച്ചുകൊണ്ട് പറഞ്ഞു: നബി(സ)തിരുമേനി മദീനക്കു പുറത്തുപോയി ശത്രുക്കളെ നേരിടാൻ തീരുമാനിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ ആദ്യം കൂടെ പുറപ്പെട്ടുവെങ്കിലും ഉഹദ് താഴ്‌വരയിലെത്തിയപ്പോൾ വിശ്വാസവഞ്ചന കാണിച്ചുകൊണ്ട് തന്റെ മുന്നൂറു കൂട്ടാളികളോടൊപ്പം മദീനയിലേക്കുതന്നെ തിരിച്ചു പോയി. എന്നിട്ട് പറഞ്ഞു: മുഹമ്മദ് എന്റെ വാക്കു കേട്ടില്ല. ഞങ്ങളാഗ്രഹിച്ചിരുന്നതുപോലെ മദീനക്കകത്തുവച്ച് ശത്രുക്കളെ പ്രതിരോധിച്ചില്ല. ഇതൊരു യുദ്ധമാണോ. ഇത് സ്വയം നാശത്തിലേക്കു തള്ളിവിടുന്ന കാര്യമാണ്. ഞാനൊരിക്കലും അതു ചെയ്യുകയില്ല. തുടക്കത്തിൽത്തന്നെ അയാളുടെ ഹൃദയത്തിൽ കാപട്യമുണ്ടായിരുന്നു. കപടവിശ്വാസികൾ ഭീരുക്കളായിരിക്കും. ഇവിടെ അത് വെളിവാകുകയും ചെയ്തു.

അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ എങ്ങനെയെല്ലാമാണ് നബി(സ)തിരുമേനിയേയും മുസ്‌ലിംകളെയും കുറിച്ച് വിഷമിപ്പിക്കുന്നതും പരിഹാസ്യവുമായ വാക്കുകൾ ഉപയോഗിച്ചിരുന്നത് എന്നതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ വിവരിക്കാം. ഇതിൽനിന്നും ഹദ്റത്ത് അബ്ദുല്ലായ്ക്ക് നബി(സ) തിരുമേനിയോടും ഇസ്‌ലാമിനോടുമുള്ള സ്നേഹവും പ്രകടമാകുന്നുണ്ട്. ഹിജ്റ വർഷം 5 ന് ബനൂ മുസ്തലിക് യുദ്ധം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ നബി(സ) തിരുമേനി കുറച്ചു ദിവസം മുറൈസീ എന്ന പ്രദേശത്ത് തങ്ങി. ബനു മുസ്തലിഖിന്റെ ഒരു അരുവിയുടെ പേരായിരുന്നു അത്. സംഭവം ഇങ്ങനെയാണ്, ഹദ്റത്ത് ഉമർ(റ)ന്റെ ജാജാ എന്നു പേരുള്ള ഒരു പരിചാരകൻ അരുവിയിൽ നിന്നും വെള്ളമെടുക്കാൻ പോയി. യാദൃശ്ചികമായി അൻസ്വാറുകളുടെ സഖ്യകക്ഷികളിൽപ്പെട്ട സിനാൻ എന്നു പേരായ ഒരാളും വെള്ളമെടുക്കുന്നതിനായി അവിടെയെത്തി. ഇവർ രണ്ടുപേരും വിദ്യാഹീനരും തികച്ചും സാധാരണക്കാരുമായിരുന്നു. അരുവിക്കടുത്തു വച്ച് ഇവർ രണ്ടു പേരും പരസ്പരം വഴക്കിട്ടു. സിനാൻ ആർത്തുവിളിച്ചുകൊണ്ട് ബഹളം വയ്ക്കാൻ തുടങ്ങി. അല്ലയോ അൻസ്വാറുകളേ ഞാനിതാ ആക്രമിക്കപ്പെട്ടിരിക്കുന്നു. എന്നെ സഹായിക്കാനായി വരൂ. അപ്പോൾ ജാജായും തന്റെ സമൂഹത്തിലുള്ളവരെ വിളിക്കാൻ തുടങ്ങി. മുഹാജിറുകളേ ഓടിവരൂ. അൻസ്വാറുകളും മുഹാജിറുകളും ഈ ശബ്ദം കേട്ട മാത്രയിൽ തങ്ങളുടെ വാളുമെടുത്ത് അരുവിയുടെ ഭാഗത്തേക്ക് അതിശീഘ്രം ഓടിയെത്തി. ഒരു രക്തരൂക്ഷിത യുദ്ധത്തിന്റെ വക്കിലെത്തി. എന്നാൽ ചില വിവേകികളും നിഷ്കളങ്കരുമായ മുഹാജിറുകളും അൻസ്വാറുകളും പെട്ടെന്നുതന്നെ അവരെ പിടിച്ചുമാറ്റുകയും രഞ്ജിപ്പുണ്ടാക്കുകയും ചെയ്തു.

നബി(സ) തിരുമേനിക്ക് ഈ വാർത്ത ലഭിപ്പോൾ അവിടന്ന് പറഞ്ഞു: ഇത് ജാഹിലിയത്തിന്റെ പ്രദർശനമാണ്. അവിടന്ന് അതിൽ നീരസം പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ ആ പ്രശ്നം അവിടെ ഒത്തുതീർപ്പായി. എന്നാൽ ആ യുദ്ധത്തിൽ പങ്കെടുത്ത കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ ഈ സംഭവമറിഞ്ഞപ്പോൾ, ആ ദുർഭഗൻ വീണ്ടും കുഴപ്പം കുത്തിപ്പൊക്കാൻ ആഗ്രഹിച്ചുകൊണ്ട് നബി(സ) തിരുമേനിക്കും മുസ്‌ലിംകൾക്കുമെതിരായി തന്റെ കൂട്ടാളികളെ പ്രകോപിപ്പിക്കാനായി പറഞ്ഞു: എല്ലാം നിങ്ങളുടെ പോരായ്മയാണ്. നിങ്ങൾ അവരെ തലയിൽ കയറ്റിവച്ചിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിൽ നിന്നും നിങ്ങളിനി വിട്ടൊഴിയുകയാണ് വേണ്ടത്. ഒടുവിൽ ആ ദുർഭഗൻ ഇത്രത്തോളം പറഞ്ഞു:

لَئِنْ رَّجَعْنَآ إِلَى الْمَدِيْنَةِ لَيُخْرِجَنَّ الْأَعَزُّ مِنْهَا الْأَذَلَّ

അതായത് മദീനയിലെത്തിക്കഴിഞ്ഞാൽ ഏറ്റവും ആദരണീയനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ പട്ടണത്തിൽ നിന്നും പുറത്താക്കുന്നതെങ്ങനെയെന്ന് നിങ്ങൾ കാണുക. (63:9) ആ സമയത്ത് നിഷ്കളങ്കനായ ഒരു മുസ്‌ലിംകുട്ടിയായ സെയ്ദുബിൻ അർഖം അവിടെയിരിക്കുന്നുണ്ടായിരുന്നു. അബ്ദുല്ലായുടെ വായിൽനിന്നും ഈ വാക്ക് കേട്ടപ്പോൾ അസ്വസ്ഥനായിക്കൊണ്ട് തന്റെ പിതൃസഹോദരൻ

മുഖേന നബി(സ) തിരുമേനിയെ സംഭവമറിയിച്ചു. അപ്പോൾ നബി(സ) തിരുമേനിയുടെ സമീപത്ത് ഹദ്റത്ത് ഉമറും ഇരിക്കുന്നുണ്ടായിരുന്നു. ആ വാക്കുകൾ കേട്ട ഉമർ കലി പൂണ്ടു. നബി(സ) തിരുമേനിയോട് ചോദിച്ചു യാ റസൂലല്ലാഹ് കുഴപ്പം സൃഷ്ടിക്കുന്ന ആ കപടവിശ്വാസിയുടെ തലയെടുക്കാൻ എനിക്കനുവാദം തന്നാലും. അവിടന്ന് പറഞ്ഞു വിട്ടുകളയുക ഉമർ. മുഹമ്മദ് തന്റെ കൂടെയുള്ളവരെ കൊന്നു നടക്കുകയാണെന്ന് ജനങ്ങൾ പറയുന്നത് നീ ഇഷ്ടപ്പെടുമോ. തുടർന്ന് നബി(സ) തിരുമേനി അബ്ദുല്ലാഹിബ്നു ഉബയ്യിനെയും കൂട്ടാളികളെയും വിളിപ്പിച്ചു. ഞാനീ കേട്ട സംഭവമെന്താണെന്നു ചോദിച്ചു. ഞങ്ങളങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് അവർ സത്യം ചെയ്തു.

അല്പ സമയത്തിനുശേഷം അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂലിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് -അദ്ദേഹത്തെക്കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത് വളരെ ആത്മാർത്ഥനായ സ്വഹാബിയായിരുന്നു- ഭയന്നുകൊണ്ട് നബി(സ) തിരുമേനിയുടെ മുന്നിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ് അങ്ങ് എന്റെ പിതാവിന്റെ ധാർഷ്ട്യവും കലഹമുണ്ടാക്കലും കാരണമായി വധശിക്ഷയ്ക്കു വിധിക്കാൻ പോകുന്നുവെന്നു കേട്ടു. അതുതന്നെയാണ് അങ്ങയുടെ തീരുമാനമെങ്കിൽ എനിക്കു കല്പന നൽകിയാലും. ഞാനെന്റെ പിതാവിന്റെ തലയറുത്ത് താങ്കളുടെ കാൽക്കീഴിൽ കൊണ്ടുവരുന്നതാണ്. എന്നാൽ മറ്റാർക്കും അതിനുള്ള കല്പന നൽകരുത്. കാരണം എന്റെ ഏതെങ്കിലുമൊരു നാഡിയിൽ ജാഹിലിയ്യ കാലത്തുള്ള ആവേശം നുരഞ്ഞു പൊങ്ങുകയും എന്റെ പിതാവിന്റെ ഘാതകർക്ക് എപ്പോഴെങ്കിലും വല്ല ക്ഷതവും ഞാൻ ഏല്പ്പിക്കുകയും ചെയ്തു പോകാമെന്നു ഞാൻ ഭയപ്പെടുന്നു. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചിട്ടും നരകത്തിൽ പോയി പതിക്കുമോ എന്നു ഞാൻ ഭയക്കുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: നമുക്കൊരിക്കലും അത്തരമൊരു ഉദ്ദേശ്യമില്ല. തീർച്ചയായും നാം താങ്കളുടെ പിതാവിനോട് വിട്ടുവീഴ്ചയോടും കാരുണ്യത്തോടും കൂടി പെരുമാറുന്നതാണ്.

എന്നാൽ ഹദ്റത്ത് അബ്ദുല്ലായ്ക്ക് തന്റെ പിതാവിനോടുള്ള വിരോധം എത്രത്തോളം ഉണ്ടായിരുന്നുവെന്നാൽ ഇസ്‌ലാമിക സൈന്യം മദീനയിലേക്കു തിരിച്ചപ്പോൾ അബ്ദുല്ലാഹ് തന്റെ പിതാവിന്റെ വഴി തടഞ്ഞു കൊണ്ടു പറഞ്ഞു: നബി(സ) തിരുമേനി ഏറ്റവും ആദരണീയനാണെന്നും നിങ്ങൾ നിന്ദ്യനാണെന്നും സ്വന്തം നാവുകൊണ്ട് ഏറ്റുപറയുന്നതുവരെ ഞാൻ നിങ്ങളെ പോകാൻ അനുവദിക്കുകയില്ല. അബ്ദുല്ലാഹ് എത്രമാത്രം നിർബന്ധത്തോടും ആവേശത്തോടും തന്റെ പിതാവിന്റെമേൽ സമ്മർദം ചെലുത്തിയെന്നാൽ ഒടുവിൽ അയാൾ ആ വാക്കുകൾ ഏറ്റു പറയുവാൻ നിർബന്ധിതനായി . അതിനുശേഷം അബ്ദുല്ലാഹ് അയാളെ വിട്ടയച്ചു.

പിന്നെ ഹദ്റത്ത് ആയിശ(റ)യുടെമേൽ മുനാഫിഖുകൾ പ്രചരിപ്പിച്ച മോശം അപവാദത്തിന്റെ സൂത്രധാരൻ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ ആയിരുന്നു. ഈ സംഭവം നടന്നതും ബനൂമുസ്തലിക് യുദ്ധം കഴിഞ്ഞു വരുമ്പോൾ ആയിരുന്നു. അതിൽ ഹദ്റത്ത് ആയിശ(റ)യുടെ അനുഗൃഹീത വ്യക്തിത്വത്തിനുമേൽ മോശം അപവാദങ്ങൾ പ്രചരിപ്പിച്ചിരിന്നു.

ഹദ്റത്ത് ആയിശ പറയുന്നു: ഒരിക്കൽ ഞാൻ ഉമ്മെ മിസ്തയുടെ കൂടെ പ്രഭാത കൃത്യത്തിനായി വെളിയിൽ പോയതയായിരുന്നു. അവിടെ വച്ചാണ് ആ അപവാദം പ്രചരിപ്പിക്കുന്നവരുടെ കാര്യം എന്നോട് അവർ പറഞ്ഞത്. ഞാൻ വീട്ടിലെത്തിയപ്പോൾ നബി തിരുമേനി എന്റെ അടുത്തെത്തി അസ്സലാമു അലൈക്കും എന്നു പറഞ്ഞു. എന്നിട്ടു ചോദിച്ചു: ഇപ്പോൾ നിനക്കെങ്ങനെയുണ്ട്. ഞാൻ പറഞ്ഞു: എനിക്കെന്റെ മാതാപിതാക്കളുടെ അടുത്ത് പോകണം. അവിടന്ന് എനിക്ക് അനുവാദം നൽകി. അങ്ങനെ മാതാപിതാക്കളുടെ അടുത്തെത്തിയപ്പോൾ ഞാൻ എന്റെ മാതാവിനോടു ചോദിച്ചു: ജനങ്ങൾ എന്താണ് പറഞ്ഞു നടക്കുന്നത്. അവർ പറഞ്ഞു: മകളേ നീ ഇക്കാര്യത്തിൽ വിഷമത്തിലാകരുത്. സമാധാനമായിട്ടിരിക്കുക. ജനങ്ങൾ ഇങ്ങനെയെല്ലാം പറയും. ഞാൻ പറഞ്ഞു: സുബ്ഹാനല്ലാഹ്, ഇങ്ങനെയൊക്കെയാണോ ജനങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അവർ പറയുമായിരുന്നു: രാത്രിമുഴുവനും എന്റെ കണ്ണുനീർ തോർന്നില്ല എനിക്കുറക്കവും വന്നില്ല. നബി(സ) തിരുമേനി ചില സഹാബികളോട് എന്തു ചെയ്യണമെന്ന് അഭിപ്രായം ചോദിച്ചിരുന്നു. ഹദ്റത്ത് ആയിശ പറയുന്നു: ഒരു ദിവസം എന്റെ സേവികയായ ബരീറയെ വിളിച്ചുകൊണ്ട് നബിതിരുമേനി ചോദിച്ചു: ബരീറാ നിനക്കെപ്പോഴെങ്കിലും സംശയകരമായ എന്തെങ്കിലും ആയിശയിൽനിന്നും കാണാൻ കഴിഞ്ഞിട്ടുണ്ടോ. ബരീറ പറഞ്ഞു: ഒരിക്കലുമില്ല. താങ്കളെ സത്യത്തോടെ അയച്ചവനെകൊണ്ട് സത്യം. എനിക്ക് ന്യൂനതയായി തോന്നുന്ന യാതൊന്നും ഞാൻ ആയിശയിൽനിന്നും കണ്ടിട്ടില്ല. അതുകേട്ട് അന്നുതന്നെ നബി(സ) സ്വഹാബാക്കളോടു ചോദിച്ചു: എന്റെ ഭാര്യയെക്കുറിച്ച് എന്നെ ദുഖത്തിലാക്കിയ വ്യക്തിയെ ആരാണ് കൈകാര്യം ചെയ്യുക. ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ടു പറയുന്നു: എന്റെ ഭാര്യയിൽ നന്മയല്ലാതെ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല.

ഹദ്റത്ത് ആയിശ പറയുന്നു: ഒരു ദിവസം തിരുനബി(സ) ഇതു സംബന്ധമായി എന്നോടു ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ജനങ്ങൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് നിങ്ങളും കേട്ടിരിക്കുന്നത് എന്നെനിക്ക് തീർച്ചയായും അറിയാം. ഞാനങ്ങനെയൊന്നും ചെയ്തിട്ടില്ല എന്ന് നിങ്ങളോടു പറയുകയാണെങ്കിൽത്തന്നെ ഞാൻ സത്യമാണ് പറയുന്നതെന്ന് നിങ്ങൾ വിശ്വസിക്കുകയില്ല - യഥാർഥത്തിൽ ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിനറിയാം -

ഇനി ഞാനങ്ങെനെ ചെയ്തിട്ടുണ്ടെന്ന് സമ്മതിക്കുന്ന പക്ഷം നിങ്ങളെന്നെ വിശ്വസിക്കുകയും ചെയ്യും. അല്ലാഹുവാണേ എന്റെയും താങ്കളുടെയും ഉദാഹരണം യൂസുഫ് നബിയുടെയും പിതാവിന്റെയും പോലെയാണ്. അദ്ദേഹം പറഞ്ഞു:

فَصَبۡرٌ جَمِيۡلٌ ؕ وَاللّٰهُ الۡمُسۡتَعَانُ عَلٰى مَا تَصِفُوۡنَ

അതായത് സഹനം കൈക്കൊള്ളുക എന്നതാണ് ഉത്തമം. നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹുവിനോട് സഹായമർത്ഥിക്കുക. (12:19) അതിനുശേഷം ഞാനെന്റെ കിടപ്പറയിലേക്കു പോയി. അല്ലാഹു എന്റെ നിരപാരാധിത്വം തെളിയിക്കുമെന്നും ആ കുറ്റാരോപണത്തിൽ ഞാൻ നിരപരാധിയാണെന്ന കാര്യം നബിതിരുമേനിയെ അറിയിക്കുമെന്നും എനിക്കുറപ്പുണ്ടായിരുന്നു. ഹദ്റത്ത് ആയിശ പറയുന്നു: നബി(സ) തിരുമേനി തങ്ങളുടെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റിരുന്നില്ല. ആ അവസ്ഥയിൽ തന്നെ തിരുമേനിയിൽ വെളിപാട് ഇറങ്ങാൻ തുടങ്ങി. തിരുമേനിയിൽനിന്നും വെളിപാടിറങ്ങുമ്പോളുണ്ടാകുന്ന അവസ്ഥ നീങ്ങിത്തുടങ്ങിയപ്പോൾ അവിടന്ന് പുഞ്ചിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: ആയിശാ, അല്ലാഹുവിനോട് നന്ദി പറയുക. അവൻ നിന്റെ നിരപരാധിത്വം തെളിയിച്ചിരിക്കുന്നു. എന്റെ മാതാവ് എന്നോടു പറഞ്ഞു: എഴുന്നേൽക്കൂ നബി തിരുമേനിയുടെ അടുക്കലേക്കു പോകൂ. ഞാൻ പറഞ്ഞു: ഒരിക്കലുമില്ല. ഞാൻ അദ്ദേഹത്തിനു നന്ദി പറയുകയില്ല. ഞാനദ്ദേഹത്തിന്റെയടുക്കൽ പോകുന്നില്ല. അല്ലാഹുവിനോടല്ലാതെ ആരോടും നന്ദി പറയുകയുമില്ല.

ഹുസൂർ പറയുന്നു: കപടവിശ്വാസികളുടെ നേതാവ്, ഹദ്റത്ത് ആയിശ(റ)യുടെമേൽ ഇത്തരത്തിലുള്ള ഒരു ദുരാരോപണം നടത്തിയിട്ടും നബി(സ)തിരുമേനി അയാളോട് എങ്ങനെയാണ് പെരുമാറിയത്. ഹദ്റത്ത് ഉമർ(റ) പറയുകയാണ്: അബ്ദുല്ലാഹിബ്നു ഉബയ്യിബിനു സുലൂൽ മരണപ്പെട്ടപ്പോൾ നബി(സ) തിരുമേനിയോട് ജനാസ നമസ്കരിപ്പിക്കണമെന്ന് അപേക്ഷിക്കുകുയുണ്ടായി. നബിതിരുമേനി അതിനായി നിൽക്കുമ്പോൾ ഞാൻ പെട്ടെന്നുതന്നെ തിരുമേനിയുടെ അടുത്തെത്തിക്കൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ് താങ്കൾ ഉബയ്യിന്റെ മകന്റെ ജനാസ നമസ്കരിക്കുകയാണോ അയാൾ ഇന്ന ദിവസം ഇന്നതൊക്കെ പറഞ്ഞിരുന്നതല്ലെ. നബി തിരുമേനി(സ) പുഞ്ചരിച്ചുകൊണ്ട് പറഞ്ഞു: മാറി നിൽക്കൂ ഉമർ. ഞാൻ കൂടുതൽ നിർബന്ധിച്ചപ്പോൾ അവിടന്ന് പറഞ്ഞു: എനിക്കതു തീരുമാനിക്കുവാനുള്ള അനുവാദം തന്നിട്ടുണ്ട് അതുകൊണ്ട് ഞാനിങ്ങനെ ചെയ്യാൻ തീരുമാനിച്ചു. മാത്രമല്ല എഴുപതിലധികം തവണ പോറുക്കലിനെത്തേടിയാൽ അല്ലാഹു അയാൾക്കു പൊറുത്തു കൊടുക്കുമെന്നറിഞ്ഞാൽ ഞാൻ തീർച്ചയായും അതിലും കൂടുതൽ തവണ അത് ചെയ്യുന്നതാണ്. അങ്ങനെ നബി(സ) തിരുമേനി അയാളുടെ ജനാസ നമസ്കരിച്ചു. പിന്നീട് തിരിച്ചെത്തി അല്പ സമയം കഴിഞ്ഞപ്പോൾ സൂറഃ ബറാഅ അഥവാ സൂറഃ തൗബയിലെ ഈ ആയത്ത് അവതരിക്കുകയുണ്ടായി.

وَلَا تُصَلِّ عَلٰۤى اَحَدٍ مِّنۡهُمۡ مَّاتَ اَبَدًا وَّلَا تَقُمۡ عَلٰى قَبۡرِهٖ ؕ
اِنَّهُمۡ كَفَرُوۡا بِاللّٰهِ وَرَسُوۡلِهٖ وَمَاتُوۡا وَهُمۡ فٰسِقُوۡنَ ۝٨٤

അതായത്, അവരിൽ നിന്ന് മരിച്ച ഒരുത്തനുവേണ്ടിയും നീ ഒരിക്കലും ജനാസ നമസ്കരിക്കരുത്. അവന്റെ ഖബറിനരികിൽ പ്രാർഥനക്കായി നിൽക്കുകയുമരുത്. കാരണം അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിക്കുകയും ധിക്കാരികളായി മരിക്കുകയും ചെയ്തിരിക്കുന്നു. (9:84)

ഹുസൂർ പറഞ്ഞു: ഇനി ഞാൻ ചില പരേതരെക്കുറിച്ച് വിവരിക്കുകയാണ്. ജുമുആ നമസ്കാരത്തിനു ശേഷം അവരുടെ ജനാസ നമസ്കാരവും നിർവഹിക്കുന്നതാണ്. ആദ്യത്തേത് ഇന്ത്യയിലെ കേരളത്തിലുള്ള ബഹുമാന്യ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന്റെ പത്നിയായിരുന്ന ബഹുമാന്യ അമത്തുൽ ഹഫീസ് സാഹിബയുടെയാണ്. ഒക്ടോബർ 20 ന് 72-ാം വയസ്സിൽ അവർ വഫാത്തായി. اِنَّا لِلّٰهِ وَاِنَّاۤ اِلَيۡهِ رٰجِعُوۡنَ അവർ 1947 ൽ കേരളത്തിൽ ജനിച്ചു. പരേതയുടെ കുടുംബത്തിന് അഹ്മദിയ്യത്ത് ലഭിച്ചത് കേരളത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ട അവരുടെ മാതാവിന്റെ മാതാമഹൻ മുഖേനയാണ്. അവർക്ക് ചെന്നൈയിൽ മാൽ സെക്രട്ടറിയായും കേരളത്തിൽ ദീർഘകാലം സദർ ലജ്ന ആയും സേവനമനുഷ്ഠിക്കുവാനുള്ള സൗഭാഗ്യമുണ്ടായി. വിശുദ്ധ ഖുർആൻ പാരായണവും തഹജ്ജുദ് നമസ്കാരവും പതിവായിരുന്നു. ലജ്നകളെയും നാസിറാത്തുകളെയും പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. നിർബന്ധവും ഐച്ഛികവുമായ എല്ലാ നോമ്പുകളും അനുഷ്ഠിക്കുമായിരുന്നു. തന്റെ ജീവിതാവസാനംവരെ മൗലാനാ ഉമർ സാഹിബിനെ നല്ലപോലെ സേവിച്ചു. അതിഥി സൽക്കാരത്തിനും സൃഷ്ടിസേവനത്തിനുമുള്ള ആവേശം തുളുമ്പിയിരുന്നു. വളരെ സാത്വികയായ സ്ത്രീയായിരുന്നു. ഖിലാഫത്തുമായി അഗാധമായ സ്നേഹബന്ധമായിരുന്നു. വഫാത്തിനു മുൻപായി മൂന്നു തവണ ഹൃദയാഘാതമുണ്ടായി. മൂന്നാം തവണ ഹൃദയാഘാതമുണ്ടായപ്പോൾ അവർ മൗലവി ഉമർ സാഹിബിനോട് പറഞ്ഞു: എന്റെ മരണമടുത്തിരിക്കുന്നു. എല്ലാവർക്കും എന്റെ സലാം എത്തിക്കുക. പിന്നീട് മൂന്നു പ്രാവശ്യം അല്ലാഹു അക്ബർ എന്നു പറയുകയും അല്ലാഹുവിന്റെ സവിധത്തിൽ ഹാജരാകുകയും ചെയ്തു. പരേത മൂസിയ ആയിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ നാലു പെൺമക്കൾ ഉൾപ്പെടുന്നു. അല്ലാഹു അവരോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ സന്താനങ്ങളെ അവരുടെ ദുആകൾക്കവകാശികളാക്കട്ടെ.

രണ്ടാമത്തെ ജനാസ ബഹുമാന്യ ചൗധരി മുഹമ്മദ് ഇബ്‌റാഹീം സാഹിബിന്റെതാണ്. അദ്ദേഹം പാക്കിസ്ഥാനിലെ അൻസ്വാറുല്ലാഹ് മാസികയുടെ മുൻ പബ്ലിഷർ ആയിരുന്നു. ഒക്ടോബർ 16 ന് 83-ാം വയസ്സിൽ വഫാത്തായി. اِنَّا لِلّٰہِ وَاِنَّآ اِلَیۡہِ رٰجِعُوۡنَ. 2003ൽ അദ്ദേഹത്തെ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ചിരുന്നു. പിന്നീട് അദ്ദേഹം എന്റെ അനുവാദത്തോടെ ലണ്ടനിലേക്ക് താമസം മാറിയിരുന്നു. മർഹൂം മൂസ്വി ആയിരുന്നു. വഫാത്തിനു തൊട്ടു മുൻപ് റബ്‌വയിൽ പോയിട്ടുണ്ടായിരുന്നു. അവിടെവച്ചാണ് അദ്ദേഹം വഫാത്തായത്. സന്തപ്ത കുടുംബാഗങ്ങളിൽ ഒരു മകളും അഞ്ച് ആൺമക്കളും അനേകം പേരക്കുട്ടികളും ഉണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തോട് മഗ്‌ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തന്റെ സന്താനങ്ങൾക്കും അവരുടെ തലമുറയ്ക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകാനും ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുവാനും തൗഫീഖ് നൽകട്ടെ.

മൂന്നാമത്തെ ജനാസ ബഹുമാന്യ രാജാ മസ്ഊദ് അഹ്മദ് സാഹിബിന്റെതാണ്. അദ്ദേഹം ബഹുമാന്യ രാജാ മുഹമ്മദ് നവാസ് സാഹിബ് മർഹൂം പിൺഡ് ദാദൻഖാനിന്റെ മകനായിരുന്നു. ഒക്ടോബർ 19 ന് ദീർഘകാലത്തെ അസുഖത്തിനുശേഷം 69-ാം വയസ്സിൽ വഫാത്തായി. اِنَّا لِلّٰہِ وَاِنَّآ اِلَیۡہِ رٰجِعُوۡنَ രാജാ സാഹിബ് 1991 ൽ യു.കെയിൽ വന്നിരുന്നു. ഇവിടെ കേറ്റ്ഫോർട്ട് ജമാഅത്തിന്റെ പ്രഥമ സദർ ആയി നിയമിതനായി. കൂടാതെ ഖാഇദ് ഉമൂമി അൻസ്വാറുല്ലാഹ്, അഡീഷണൽ സെക്രട്ടറി വസായാ, നാഷണൽ സെക്രട്ടറി വസായാ എന്നീ പദവികളിൽ സേവനം ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഞാൻ വസിയ്യത്ത് വ്യവസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനായി ആഹ്വാനം ചെയ്തപ്പോൾ അദ്ദേഹം നല്ലവണ്ണം അധ്വാനിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വികളുടെ വ്യവസ്ഥിതിയെ കൂടുതൽ വ്യവസ്ഥാപിതമാക്കി. ഖിലാഫത്തുമായി അഗാധ ബന്ധമായിരുന്നു. ജമാഅത്തു ഭാരവാഹികളെ ബഹുമാനിച്ചിരുന്നു. നമസ്കാരശീലനും, തഹജ്ജുദ് നമസ്കരിക്കുന്നയാളുമായിരുന്നു. വളരെ തുറന്ന മനസ്സോടെ ചന്ദകൾ നൽകിയിരുന്നു. ധർമ്മിഷ്ഠനും ദരിദ്രരെ സംരക്ഷിക്കുന്നയാളും നല്ല സംസർഗ ശീലമുള്ളയാളുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വി ആയിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയും ഒരു മകളും രണ്ട് ആൺ മക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തോട് മഗ്‌ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ, പദവികൾ ഉയർത്തുമാറാകട്ടെ.

നാലാമത്തെ ജനാസ ബഹുമാന്യ സ്വാലിഹ അൻവർ സാഹിബയുടേതാണ്. അവർ അൻവർ അലി സാഹിബ് മർഹൂമിന്റെ ഭാര്യയായിരുന്നു. ഒക്ടോബർ ഒന്നിന് വഫാത്തായി. اِنَّا لِلّٰہِ وَاِنَّآ اِلَیۡہِ رٰجِعُوۡنَ വളരെ ധൈര്യശാലിയും ഭക്തയും അതുപോലെ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നവരുമായ വനിതയായിരുന്നു. കുട്ടിക്കാലം മുതൽക്കേ നമസ്കാരവും നോമ്പും ശീലമാക്കിയിരുന്നു. ചന്ദകൾ നൽകിയിരുന്നു. ഖിലാഫത്തുമായി യഥാർഥ ബന്ധമുണ്ടായിരുന്നു. അവരുടെ മകൾ ത്വാഹിറ മുഅ്മിൻ പറയുന്നു: വിവാഹത്തിനുശേഷം അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങളുണ്ടായതുപോലെ തന്നെ വലിയൊരു മനസ്സും അല്ലാഹു നൽകിയിരുന്നു. ദരിദ്രരെ സംരക്ഷിക്കുന്നവരും വിനയത്തിനും എളിമക്കും ഉടമയുമായിരുന്നു അവർ. ചന്ദയുടെ എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബൈക്ക് പറയുന്ന സ്ത്രീയായിരുന്നു. ഞങ്ങൾക്കെന്തെങ്കിലും വിഷമമുണ്ടാകുമ്പോൾ അവരോടു പറയുമായിരുന്നു. ആദ്യം നമസ്കരിക്കുവാനും ദുആ ചെയ്യുവാനും പറയും പിന്നീട് ഞങ്ങൾക്കു വേണ്ടി സ്വയം ദുആ ചെയ്യും. അല്ലാഹു അവരുടെ മക്കളിലും ആത്മാർഥതയും കൂറും ഉണ്ടാക്കുമാറാകട്ടെ. അല്ലാഹു അവരോട് മഗ്‌ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. മക്കളും അതുപോലെതന്നെ ജമാഅത്തുമായി ബന്ധപ്പെട്ടു നിൽക്കട്ടെ. അവർ ചെയ്തിരുന്നതുപോലെയുള്ള ത്യാഗങ്ങൾ ചെയ്യാൻ ഇവർക്കും സാധിക്കട്ടെ. മക്കൾക്കു വേണ്ടിയുള്ള അവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുമാറാകട്ടെ. അവർക്ക് രണ്ട് ആൺമക്കളും രണ്ടു പെൺമക്കളുമാണുള്ളത്.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 15.11.2019
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516